## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4648 | 29.6.2012-ൽ മറുപടിയ്ക്ക്

### ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. വിൻസന്റ് :<br>,, എ. പി. അബ്ദുള്ളക്കുട്ടി :<br>,, ഷാഫി പറമ്പിൽ :<br>,, ലൂഡി ലൂയിസ് : | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) സർക്കാർ ഉത്തരവ് (എം.എസ്) 26/12/കൃഷി തീയതി 13.2.2012 പ്രകാരം 2 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതി പ്രകാരം ഏതൊക്കെ കർഷകർക്കാണ് ആനുകൂല്യം ലഭിക്കുന്നത്; | (ബി) നെല്ല്, തെങ്ങ്, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, സുഗന്ധവിളകൾ തുടങ്ങിയ ഏത് വിളകളും കൃഷി ചെയ്യുന്ന ചെറുകിടനാമമാത്ര കർഷകർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കും . |
| (സി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ? | (സി) നടപ്പാക്കിയിട്ടുണ്ട്. സ.ഉ.(എം.എസ്) 26/12/കൃഷി തീയതി.13.2.2012 പ്രകാരം 2 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിടനാമമാത്ര കർഷകർക്ക് പ്രതിമാസം 400/- രൂപ നിരക്കിൽ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കൃഷി ഡയറക്ടർ വിശദമായ മാർഗ്ഗനിർദ്ദേശം പ്രിൻസിപ്പൽ |

കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇതിനുസരിച്ച് എല്ലാ കൃഷി ഭവനുകളിലും 2012 ജൂൺ 15 വരെ അപേക്ഷ സ്വീകരിച്ചിട്ടുണ്ട് അർഹരായ കർഷകരുടെ ലിസ്റ്റ് ജില്ലാ ഓഫീസുകളിൽ നിന്നും ക്രോഡീകരിച്ച് കിട്ടുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**